# Bulletin
# DIOCESE OF HOSUR

Bishop's Office
St. Thomas Pastoral Centre
#16, Ayanavaram Road, Ayanavaram
Chennai-600023
E-mail: hosurdiocese@gmail.com

Patron

Mar Sebastian Pozholiparamibil
Bishop of Hosur

March 2019

Chief Editor
Fr. Arun Chakkalackal
Mob. 9840386758

Price 25/-

## ഉള്ളടക്കം

ഇടയശബ്ദം....................................2

എസ്. എം. വൈ. എം....................3

പാസ്റ്ററൽ കൗൺസിൽ...................3

ഫ്രാൻസിസ് പാപ്പയുടെ സന്ദേശം.4

മാതൃജ്യോതിസ്സ്..............................9

സർക്കുലർ.......................................10

റിട്രീറ്റ്...........................................12

ഫിനാൻസ് ഓഫീസ്.....................13

നിയമാവലി....................................17

ജീവിതമാർഗ്ഗദർശന ക്യാമ്പ്..........21

കച്ചേരികാര്യങ്ങൾ.........................22

ഇടയന്റെ ഇന്നലകൾ....................24

ഇടയന്റെ നാളകൾ........................24



## പൊതുപൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും

മിശിഹായിൽ സ്നേഹമുള്ള ഹൊസൂർ രൂപതാ കുടുംബാംഗങ്ങളെ,

ദൈവജനം മുഴുവനും പൊതുപൗരോഹിത്യം സ്വീകരിച്ചവരാണ്. മാമ്മോദീസായും സ്ഥൈര്യ ലേപനവും വഴി ഓരോ കത്തോലിക്കനും യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരാകുന്നു. എന്നാൽ, വൈദികർ ശുശ്രൂഷാ പൗരോഹിത്യം സ്വീകരിച്ച വ്യക്തികളും, പൊതുപൗരോഹിത്യം സ്വീകരിച്ച ദൈവജനത്തോട് ചേർന്ന് ബലിയർപ്പിക്കുന്നവരും അവർക്കായി ശുശ്രൂഷ ചെയ്യുന്നവരുമാണ്. വൈദികർ ഇന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടത് ദൈവജന കേന്ദ്രീകൃതമായ സഭയെ വാർത്തെടുക്കുവാനാണ്. ഇക്കാര്യത്തലേക്ക് ഞാൻ വൈദിക കൂട്ടായ്മയെ പ്രത്യേകം ക്ഷണിക്കുന്നു. ഇതു സംഭവിക്കുക വൈദികർ പൊതുപൗരോഹിത്യം സ്വീകരിച്ച പുരോഹിതഗണത്തിന്റെ ശുശ്രൂഷകർ മാത്രമാണെന്ന കാര്യം നാം സ്വയം തന്നെ തിരിച്ചറിയുമ്പോഴാണ്.

ദൈവജനത്തിന്റെ താത്പര്യങ്ങൾക്കാണ് എപ്പോഴും മുൻതൂക്കം കൊടുക്കേണ്ടത്. രൂപതയിലും ഇടവകകളിലും നമുക്ക് ഇഷ്ടമുള്ള കാര്യങ്ങൾ നടപ്പാക്കുവാനല്ല നമ്മുടെ വൈദിക കൂട്ടായ്മ ശ്രദ്ധിക്കേണ്ടത്. മറിച്ച് ദൈവജനത്തിന്റെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കുമാണ് സഭയിൽ എപ്പോഴും പ്രാധാന്യം കൊടുക്കേണ്ടത്. ഇവിടെയും ദൈവജനത്തെ നയിക്കുന്ന വ്യക്തി എന്ന നിലയിൽ സർപ്പത്തെപ്പോലെ വിവേകം എപ്പോഴും ഉണ്ടാകേണ്ടവനാണ് വൈദികൻ. ഏതാനും വ്യക്തികളുടെ നിക്ഷിപ്ത താത്പര്യങ്ങൾ നടപ്പിലാക്കാൻ ചുരുക്കം ചില വ്യക്തികൾ രൂപതയിലും ഇടവകകളിലും തന്ത്രങ്ങൾ മെനയുന്നത് തിരിച്ചറിയാനും അതിനു തടയിടുവാനുമുള്ള വിവേകംകൂടി നമുക്കുണ്ടാകണം. നമ്മുടെ വ്യക്തിപരമായ ആശയങ്ങൾ അടിച്ചേൽപ്പിക്കുവാനോ ചുരുക്കം ചില അത്മായസ്വാർത്ഥമതികളുടെ ആശയങ്ങൾ അടിച്ചേൽപ്പി ക്കപ്പെടുവാനോ ഇടവരുത്താതെ ദൈവജനത്തിന്റെ പൊതുസ്വരം തിരിച്ചറിയുവാനും അതിൽ ദൈവസ്വരം ദർശിച്ച് അതിനൊത്ത് ദൈവജനത്തെ നയിക്കാനും വൈദികരായ നമുക്ക് സാധിക്കട്ടെ.



Rough.pmd 2 3/20/2019, 1:50 PM

സഭയിൽ നമ്മളെല്ലാവരും തുല്ല്യരാണ് യേശുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളായ നമ്മളെല്ലാവരും തന്നെ തുല്ല്യരാണെന്ന സത്യം നാം തിരിച്ചറിയണം. ഓരോ അവയവങ്ങൾക്കും ശിരസ്സായ യേശുവിനോട് ചേർന്നുനിന്ന് വ്യത്യസ്ത ജോലികളാണ് നിരർവ്വഹിക്കാനുള്ളതെങ്കിലും എല്ലാ അവയവങ്ങളും ഒരുപോലെ വിലപ്പെട്ടവ തന്നെയാണ്. പൗലോശ്ലീഹാ പറയുന്നതു പോലെ യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ സ്വതന്ത്രനെന്നോ അടിമയെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വകഭേദമില്ലാതെ നാമെല്ലാവരും യേശുവിൽ ഒന്നാണെന്ന ചിന്തയോടെ വ്യപരിക്കുവാൻ സാധിച്ചാൽ നമ്മുടെ സമൂഹങ്ങൾ എത്രയോ അനുഗ്രഹപ്രദമാകും അതിനു ദൈവം ഇടവരുത്തട്ടെയെന്ന പ്രാർത്ഥിക്കുന്നു.

നിങ്ങളുടെ സ്നേഹപിതാവ്
മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ

## SMYM

**ഫ്രീ മെഡിക്കൽ ക്യാമ്പ്**

സെന്റ് തോമസ് ചർച്ച് കോവിൽപ്പതാകെ SMYM ന്റെ നേതൃത്വത്തിൽ സൗജന്യമെഡിക്കല് ക്യാമ്പ് മാർച്ച് 3 ാം തിയ്യതി രാവിലെ 9. 30 മുതൽ നടത്തപ്പെടുന്നു.

**കുരിശിന്റെ വഴി**

തഹൊസൂർ രൂപതാ SMYM ന്റെ നേതൃത്വത്തിൽ മാർച്ച് 9 ാം തിയ്യതി അച്ചരപ്പാക്കത്തുവെച്ച് കുരിശിന്റെ വഴി നടത്തുന്നു. എല്ലാ യൂവജനങ്ങളും രാവിലെ 10.30 നു എത്തിച്ചേരാണ്ടതാണ്.

**ജോൺ ജോസഫ്**
SMYM പ്രസിഡന്റ്

**റവ. ഫാ. സിബിൻ കോട്ടക്കൽ**
SMYM ഡയറക്ടർ

## പാസ്റ്ററൽ കൗൺസിൽ

ഹൊസൂർ രൂപത പാസ്റ്ററൽ കൗൺസിലിന്റെ 5-ാം സമ്മേളനം മാർച്ച് 17 ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2. 30 മുതൽ വൈകിട്ട് 5 മണിവരെ അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്നു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെല്ലാവരുടെയും വിലയേറിയ സാന്നിധ്യം പ്രതീക്ഷിക്കുന്നു.

ശ്രീ. ജേക്കബ് ചക്കാത്തറ
സെക്രട്ടറി

റവ. ഡോ. ആന്റോ കരിപ്പായി
ജനറൽ സെക്രട്ടറി



Rough.pmd 3 3/20/2019, 1:50 PM

Ref: 3179/K-5/KCBC/OL/DS

25.02.2019

# 2019 നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് മാർപാപ്പാ

*"സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു"*
*(റോമാ 8:19)*

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവം ഓരോ വർഷവും സഭാമാതാവിലൂടെ "സന്തോഷപ്രദമായ ഈ കാലഘട്ടം നമുക്കു നല്കുന്നു - നവീകൃതമായ മനസ്സോടും ഹൃദയത്തോടുംകൂടി പെസഹാ രഹസ്യം ആഘോഷിക്കുവാൻ നാം ഒരുങ്ങുന്ന കാലഘട്ടം - ക്രിസ്തുവിൽ നമുക്കു പുതിയ ജീവൻ നല്കിയ മഹാസംഭവങ്ങളെ ഓർമ്മിക്കുന്ന കാലഘട്ടം" (ആമുഖ പ്രാർത്ഥന 1 നോമ്പുകാലം). ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ ഫലമായി നമ്മൾ സ്വീകരിച്ച രക്ഷയുടെ നിറവേറലിലേക്ക് ഈസ്റ്റർ മുതൽ ഈസ്റ്റർ വരെ അങ്ങനെ യാത്ര ചെയ്യാൻ നമുക്കു കഴിയും. "എന്തെന്നാൽ പ്രത്യാശയിലേക്ക് നാം രക്ഷപ്രാപിക്കുന്നത്" (റോമാ 8:24). നമ്മുടെ ഭൗമികജീവിതങ്ങളിൽ നേരത്തേ തന്നെ പ്രവർത്തന നിരതമായിക്കൊണ്ടിരിക്കുന്ന ഈ രക്ഷാരഹസ്യം ചരിത്രത്തെയും സൃഷ്ടി മുഴുവനെയും ആശ്ലേഷിക്കുക കൂടി ചെയ്യുന്ന ഒരു ചലനാത്മക പ്രക്രിയയാണ്.

വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, "സൃഷ്ടപ്രപഞ്ചം ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമാ 8:19). ഈ വീക്ഷണപ്രകാരം, ഈ വരുന്ന നോമ്പുകാലത്ത് നമ്മുടെ മാനസാന്തര യാത്രയോട് ഒന്നുചേർന്നുപോകാൻ ചില ചിന്തകൾ തരാൻ ഞാൻ ആഗ്രഹിക്കുന്നു.

### 1. സൃഷ്ടിയുടെ വീണ്ടെടുപ്പ്

ക്രിസ്തുവിന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്ന ത്രിദിന പെസഹാചരണം ആരാധനാക്രമവർഷത്തിന്റെ ഉച്ചകോടിയാണ്. ക്രിസ്തു



Rough.pmd 4 3/20/2019, 1:50 PM

വുമായുള്ള നമ്മുടെ അനുരൂപപ്പെടൽ (cf റോമാ 8:29) ദൈവിക കാരുണ്യത്തിന്റെ ഒരു അമൂല്യസമ്മാനമാണെന്ന അറിവോടെ തയ്യാറെടുപ്പിന്റെ ഒരു യാത്ര നടത്താൻ അത് നമ്മെ വർഷംതോറും ക്ഷണിക്കുന്നു.

നമ്മൾ ദൈവമക്കളെന്ന നിലയിൽ രക്ഷിക്കപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരും (cf റോമാ 8:14) ദൈവികനിയമത്തെ അംഗീകരിക്കാനും അനുസരിക്കാനും കഴിവുള്ളവരുമാണ്. ആ നിയമം നമ്മുടെ ഹൃദയങ്ങളിലും പ്രകൃതിയിലും എഴുതപ്പെട്ടതാണ്. നാം സൃഷ്ടിയുടെ വീണ്ടെടുപ്പിൽ സഹകരിക്കുന്നതിലൂടെ സൃഷ്ടിയുടെ ഉപകർത്താക്കളായിത്തീരുന്നു. അതുകൊണ്ടാണ് സൃഷ്ടി ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, യേശുവിന്റെ പെസഹാരഹസ്യത്തിന്റെ കൃപ ആസ്വദിക്കുന്ന എല്ലാവരും അതിന്റെ നിറവേറൽ അനുഭവിച്ചറിയുന്നത് മനുഷ്യശരീരത്തിന്റെ വീണ്ടെടുപ്പിൽത്തന്നെ യാണ്. ക്രിസ്തുവിന്റെ സ്നേഹം വിശുദ്ധരുടെ ജീവിതങ്ങളെ ചൈതന്യത്തിലും ശരീരത്തിലും ആത്മാവിലും രൂപാന്തരപ്പെടുത്തുമ്പോൾ അവ ദൈവത്തിനു സ്തുതി സമർപ്പിക്കുന്നു. പ്രാർത്ഥന, ധ്യാനം, കല എന്നിവയിലൂടെ അവ മറ്റു സൃഷ്ടികളെയും ആ സ്തുതിയിൽ ഉൾപ്പെടുത്തുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ "സൃഷ്ടികളുടെ സംഗീത" ത്തിൽ വിസ്മയനീയമാംവിധം അതു പ്രകടമാണല്ലോ (cf. ലാവുദാത്തോ സി, 87). എന്നാലും ഈ ലോകത്തിൽ വീണ്ടെടുപ്പ് ഉത്പാദിപ്പിച്ച് സമന്വയം പാപത്തിന്റെയും മരണത്തിന്റെയും നിഷേധാത്മക ശക്തിയുടെ നിരന്തര ഭീഷണിക്കു കീഴിലാണ്.

### 2. പാപത്തിന്റെ നാശാത്മകശക്തി

യഥാർത്ഥത്തിൽ, നാം ദൈവത്തിന്റെ മക്കളെന്ന നിലയിൽ ജീവിക്കുന്നതിൽ പരാജയപ്പെടുമ്പോൾ നമ്മൾ അയല്ക്കാരോടും മറ്റു സൃഷ്ടികളോടും - നമ്മോടുതന്നെയും - നാശകരമായ രീതിയിൽ പെരുമാറുന്നു. കാരണം, അവരെയെല്ലാം നമ്മുടെ ഇഷ്ടമനുസരിച്ച് ഉപയോഗിക്കാമെന്ന് ഏറെക്കുറെ ബോധപൂർവം നാം ചിന്തിക്കാൻ തുടങ്ങുന്നു. അപ്പോൾ മിതത്വമില്ലായ്മ വിജയിക്കുന്നു: നമ്മുടെ മാനുഷികാ



Rough.pmd 5 3/20/2019, 1:50 PM

വസ്ഥയും പ്രകൃതിതന്നെയും നമുക്കു നല്കിയിട്ടുള്ള പരിമിതികളെ അതിലംഘിക്കുന്ന ഒരു ജീവിതം നയിക്കാൻ നാം പരിശ്രമിക്കുന്നു. ദൈവചിന്തയോ ഭാവിപ്രത്യാശയോ ഇല്ലാതെ പ്രവർത്തിക്കുന്ന ദൈവ നിഷേധികളുടെ തനിസ്വാഭാവമായി ജ്ഞാനഗ്രന്ഥം (cf. 2,1-11) സൂചിപ്പിക്കുന്നതരം കടിഞ്ഞാണില്ലാത്ത ആഗ്രഹങ്ങൾക്ക് നമ്മൾ കീഴ്പ്പെടുന്നു. നാം നിരന്തരം ഈസ്റ്ററിലേക്കു തിരിയാതിരുന്നാൽ, ഉത്ഥാനത്തിന്റെ ചക്രവാളത്തിലേക്കു തിരിയാതിരുന്നാൽ, "എനിക്ക് എല്ലാം വേണം, ഇപ്പോൾത്തന്നെ വേണം" "അമിതമായതു മതിയാ കുന്നില്ല" എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളിൽ പ്രകടമാകുന്ന മനോ ഭാവം മേല്ക്കൈനേടും.

നമുക്ക് അറിയാവുന്നതുപോലെ, എല്ലാ തിന്മയുടെയും വേര് പാപ മാണ്. അത് ആദ്യത്തെ പ്രത്യക്ഷപ്പെടൽ മുതൽ ദൈവവുമായുള്ള നമ്മുടെ ഐക്യത്തെയും മറ്റുള്ളവരോടും പ്രകൃതിയോടു തന്നെയുമുള്ള ഐക്യത്തെയും തകർത്തു. പ്രകൃതിയോട് നമ്മുടെ ശരീരം വഴി നാം പ്രത്യേകമാംവിധം ബന്ധപ്പെട്ടാണിരിക്കുന്നതിനാൽ ദൈവവുമായുള്ള ഐക്യത്തിന്റെ ഈ തകർച്ച ഞാൻ ജീവിക്കാൻ വിളിക്കപ്പെട്ട പരിസ്ഥിതിയുമായുള്ള ഐക്യപൂർണമായ ബന്ധ ത്തെയും തകർക്കുന്നു. അങ്ങനെ പൂന്തോട്ടം ഒരു മരുഭൂമിയായി ത്തീർന്നു (cf ഉത്പ. 3:17-18). സൃഷ്ടിയുടെ ദൈവമായി തന്നെത്തന്നെ പരിഗണിക്കാൻ മനുഷ്യനെ പാപം പ്രേരിപ്പിക്കുന്നു. സൃഷ്ടിയുടെ അധികാരിയായി സ്വയം ചമഞ്ഞ് സ്രഷ്ടാവ് നിശ്ചയിക്കാത്തതും സ്വന്തം താത്പര്യങ്ങൾക്കു ചേർന്നതുമായ വിധത്തിൽ മനുഷ്യൻ സൃഷ്ടിയെ ഉപയോഗിക്കുന്നത് മറ്റു സൃഷ്ടികളുടെ നാശത്തിനു കാര ണമാകും.

ദൈവത്തിന്റെ നിയമം അഥവാ സ്നേഹത്തിന്റെ നിയമം ഉപേക്ഷി ക്കുമ്പോൾത്തന്നെ 'ദുർബലന്റെ മേൽ ശക്തൻ' എന്ന നിയമം നടപ്പി ലാകും. മനുഷ്യഹൃദയത്തിൽ ഒളിച്ചിരിക്കുന്ന പാപം (cf മർക്കോ 7:20-23) അത്യാഗ്രഹത്തിനും സുഖത്തിനുവേണ്ടിയുള്ള അനിയന്ത്രി തമായ ഓട്ടത്തിന്റെയും മറ്റുള്ളവരുടെയും തന്റെ തന്നെയും നന്മയോ ടുള്ള താത്പര്യമില്ലായ്മയുടെയും രൂപം സ്വീകരിക്കും. അത്, ഓരോ ആഗ്രഹവും ഒരു അവകാശമായി കാണുന്ന ആ അദമ്യമായ മോഹ



Rough.pmd 6 3/20/2019, 1:50 PM

ത്താൽ, സൃഷ്ടികളുടെ - അതായത് വ്യക്തികളുടെയും പരിസ്ഥിതിയുടെയും - ചൂഷണത്തിലേക്ക് നയിക്കും; ഉടനെയോ, പിന്നീടോ അതിന്റെ പിടിയിലുള്ള എല്ലാം നശിപ്പിക്കുകയും ചെയ്യും.

**3. അനുതാപത്തിന്റെയും ക്ഷമിക്കലിന്റെയും സൗഖ്യദായകശക്തി**

"പുതിയസൃഷ്ടി" ആക്കപ്പെട്ട ദൈവമക്കളുടെ വെളിപ്പെടൽ സൃഷ്ടിക്ക് അത്യാവശ്യമാണ്. എന്തെന്നാൽ "ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതുകടന്നുപോയി. ഇതാ പുതിയതു വന്നു കഴിഞ്ഞു" (2 കോറി, 5:17). യഥാർത്ഥത്തിൽ അവരുടെ വെളിപ്പെടൽ മുഖേന സൃഷ്ടിക്കുതന്നെ, പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും സ്വയം തുറന്നുകൊണ്ട് (cf വെളി 21:1) ഒരു പെസഹാ ആഘോഷിക്കാം. ഈസ്റ്ററിലേക്കുള്ള പാത ഒരുകാര്യം ആവശ്യപ്പെടുന്നുണ്ട് - പെസഹാരഹസ്യത്തിന്റെ സമൃദ്ധമായ കൃപാവരം പൂർണ്ണമായി ജീവിക്കുന്നതിനുവേണ്ടി നാം, ക്രൈസ്തവരെന്ന നിലയിൽ, നമ്മുടെ മുഖങ്ങളെയും ഹൃദയങ്ങളെയും അനുതാപം, മാനസാന്തരം, ക്ഷമിക്കൽ എന്നിവയിലൂടെ നവീകരിക്കണം. സർവ്വസൃഷ്ടിയുടെയും 'ആകാംക്ഷയോടുള്ള കാത്തിരുപ്പ്' പൂർത്തിയാക്കുന്നത് ദൈവമക്കളുടെ വെളിപ്പെടലിലാണ്, അതായത്, ക്രൈസ്തവരും സകലജനവും മാനസാന്തരത്തിന്റെ അവിഭാജ്യഘടകമായ ആ ' 'ഈറ്റുനോവി'ലേക്ക് ആത്യന്തികമായി പ്രവേശിക്കുമ്പോഴാണ്. സൃഷ്ടി മുഴുവനും നമ്മോടൊപ്പം മുമ്പോട്ടു പോകാൻ വിളിക്കപ്പെട്ടിരിക്കുന്നു. "സൃഷ്ടി ജീർണ്ണതയുടെ അടിമത്വത്തിൽ നിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കുകയും ചെയ്യും"(റോമ 8.21) നോമ്പുകാലം ഈ മാനസാന്തരത്തിന്റെ കൗദാശികമായ അടയാളമാണ്.

വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ ജീവിതത്തിൽ പെസഹാരഹസ്യത്തെ മൂർത്തീഭവിപ്പിക്കാൻ അത് ക്രിസ്ത്യാനികളെ ക്ഷണിക്കുന്നു. സർവോപരി ഉപവാസം, പ്രാർത്ഥന, ധർമദാനം എന്നിവ വഴിയാണ് അങ്ങനെ ചെയ്യേണ്ടത്.

**ഉപവാസം:** ഇത് മറ്റുള്ളവരോടും സൃഷ്ടിമുഴുവനോടുമുള്ള നമ്മുടെ



Rough.pmd 7 3/20/2019, 1:50 PM

മനോഭാവത്തെ മാറ്റാൻ പഠിക്കലാണ്; നമ്മുടെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിന് എല്ലാം വിഴുങ്ങുവാനുള്ള പ്രലോഭനത്തിൽ നിന്ന് പിന്തിരിയലാണ്; നമ്മുടെ ഹൃദയത്തിന്റെ ശൂന്യത നിറയ്ക്കാൻ കഴിയുന്ന സ്നേഹത്തിനുവേണ്ടി സഹിക്കാൻ തയ്യാറാകലാണ്. **പ്രാർത്ഥന:** വിഗ്രഹാരാധനയും നമ്മുടെ അഹംഭാവത്തിന്റെ സ്വയം പര്യാപ്തതയും ഉപേക്ഷിക്കാനും കർത്താവിനെയും അവിടത്തെ കാരുണ്യത്തെയും നമുക്ക് ആവശ്യമുണ്ടെന്ന് അംഗീകരിക്കാനും പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. **ധർമ്മദാനം:** നമുക്കില്ലാത്ത ഒരു ഭാവി കൈക്കലാക്കാൻ നമുക്കു കഴിയുമെന്ന മിഥ്യയായ വിശ്വാസ ത്തിൽ എല്ലാം നമുക്കുവേണ്ടി സംഭരിച്ചുവയ്ക്കുന്ന മാനസികവിഭ്രാ ന്തിയിൽ നിന്ന് ധർമ്മദാനം വഴി നാം രക്ഷപ്പെടുന്നു. അങ്ങനെ സൃഷ്ടിയെയും നമ്മിൽ ഓരോരുത്തരെയും സംബന്ധിച്ച് ദൈവത്തി നുള്ള പദ്ധതിയുടെ സന്തോഷം വീണ്ടും കണ്ടെത്താം. അവിട ത്തെയും നമ്മുടെ സഹോദരീസഹോദരന്മാരെയും മുഴുവൻ ലോക ത്തെയും സ്നേഹിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്. ഈ സ്നേഹത്തിൽ നമ്മുടെ യഥാർത്ഥമായ സന്തോഷം കണ്ടെത്താം.

പ്രിയ സഹോദരീസഹോദരന്മാരേ, നാല്പതു ദിവസത്തെ "നോമ്പു "കാലം ദൈവപുത്രൻ സൃഷ്ടിയുടെ മരുഭൂമിയിൽ ചെലവഴിച്ചു. അതിനെ വീണ്ടും ആദിമ പാപത്തിനുമുമ്പ് ആയിരുന്നതുപോലെ ദൈവവുമായുള്ള ഐക്യത്തിന്റെ പൂന്തോട്ടമാക്കിത്തീർക്കുകയെന്ന ലക്ഷ്യം ആ മരുഭൂമി വാസത്തിനുണ്ടായിരുന്നു (cf മർക്കോ 1:12-13, ഏശ 51:3). അതേ പാതയിലൂടെയുള്ള യാത്രയായിരിക്കട്ടെ നമ്മുടെ ഈ വർഷത്തെ നോമ്പുകാലം. അത് സൃഷ്ടിക്കും ക്രിസ്തുവിന്റെ പ്രത്യാശ നല്കട്ടെ. അങ്ങനെ "സൃഷ്ടി ജീർണതയുടെ അടിമത്ത ത്തിൽനിന്ന് മോചിതമാകുകയും ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപി ക്കുകയും ചെയ്യും" (റോമാ 8:21). കൃപാവരത്തിന്റെ ഈ കാലയളവ് മിഥ്യയാകാൻ നാം അനുവദിക്കരുത്! യഥാർത്ഥ മാനസാന്തരത്തിന്റെ പാതയിലൂടെ പുറപ്പെടാൻ നമുക്ക് ദൈവസഹായം യാചിക്കാം. നമ്മുടെ സ്വാർത്ഥതയും സ്വയം മുഴുകലും ഉപേക്ഷിക്കാം. യേശുവിന്റെ പെസഹായിലേക്കു തിരിയാം. നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങളിൽ നമുക്ക് അവരോടൊപ്പം നില്ക്കുകയും നമ്മുടെ ആത്മീയവും ഭൗതികവുമായ സ്വത്തുക്കൾ അവരുമായി പങ്കുവയ്ക്കു



Rough.pmd 8 3/20/2019, 1:50 PM

കയും ചെയ്യാം. ഇങ്ങനെ, പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള ക്രിസ്തുവിന്റെ വിജയത്തെ വസ്തുനിഷ്ഠമായി നമുക്കു സ്വാഗതം ചെയ്യാം. അതിന്റെ പരിവർത്തനാത്മകമായ ശക്തിയെയും മുഴുവൻ സൃഷ്ടിയിലേക്കും പ്രസരിപ്പിക്കാം.

വത്തിക്കാനിൽ നിന്ന് 4 ഒക്ടോബർ 2018,
വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസം

**പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**
കൊച്ചി - 682 025

## മാതൃജ്യോതിസ്സ്

- **മാതൃജ്യോതിസ്സ് സെന്ററൽ കമ്മിറ്റി മീറ്റിംങ്**

ഹൊസൂർ രൂപതാ മാതൃജ്യോതിസ്സിന്റെ സെൻട്രൽ കമ്മിറ്റി മീറ്റിംങ്ങ് ജനുവരി 9 ാം തിയ്യതി അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടി. യോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് കലോത്സവത്തെക്കുറിച്ച് വിലയിരുത്തലുകൾ നടത്തി.

- **മാതൃജ്യോതിസ്സ് ഭാരവാഹികളുടെ മീറ്റിംങ്**

ഹൊസൂർ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള ഭാരവാഹികളുടെ മീറ്റിംങ്ങ് ഫെബ്രുവരി 16 ാം തിയ്യതി അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ചു കൂടി. മോൺ. ജോസ് മാളിയേക്കലച്ചൻ മീറ്റിംങ്ങിൽ സന്നിഹിതനായിരുന്നു. രൂപതയിലെ അമ്മമാർക്കുവേണ്ടി എഴുത്തുമത്സരങ്ങൾ നടത്താൻ തീരുമാനിച്ചു.

- **ഏകദിന സെമിനാർ**

ഹൊസൂർ രൂപതാ മാതൃജ്യോതിസ്സിന്റെ നേതൃത്വത്തിൽ രൂപതയിലെ മുഴുവൻ അമ്മമാർക്കുവേണ്ടി ഏകദിന സെമിനാർ ഏപ്രിൽ 6 ാം തിയ്യതി ശനിയാഴ്ച അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് രാവിലെ 9 മണി മുതൽ വൈകീട്ട് 5 മണി വരെ നടത്താൻ തീരുമാനിച്ചു.

**ഫാ. സാബു ഞാറോളിക്കൽ എം. എസ്. ടി**
അസ്സോ. ഡയറക്ടർ

**ഫാ. വിനീഷ് വട്ടോളി**
രൂപതാ ഡയറക്ടർ



Rough.pmd 9 3/20/2019, 1:50 PM

## സർക്കുലർ

Ref: 3181/K-5/KCBC/OL/DS 28.2.2019

### പാവപ്പെട്ടവർക്കുവേണ്ടിയുള്ള നോമ്പുകാല സ്തോത്ര കാഴ്ച സമാഹരണ ഉദ്യമം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യവൈദിക സഹോദരരേ, സമർപ്പിതരേ, പ്രിയ ദൈവജനമേ,

വലിയ നോമ്പുകാലം നമ്മുടെ കർത്താവിന്റെ പീഡാസഹനങ്ങളിൽ പങ്കുചേർന്ന് ഉത്ഥാന മഹത്വത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുന്ന നാളുകളാണല്ലോ. ഏവർക്കും ദൈവാനുഗ്രഹപ്രദമായ ഒരു നോമ്പുകാലം ആശംസിക്കുന്നു; പ്രാർത്ഥിക്കുന്നു. ദൈവത്തെ കണ്ടുമുട്ടുന്നതിനും ദൈവാനുഭവം സിദ്ധിക്കുന്നതിനും മറ്റുള്ളവരിലെ ദൈവിക ചൈതന്യം കണ്ടറിഞ്ഞ് ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർച്ച പ്രാപിക്കുവാനും ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

ഉപവാസം, പ്രാർത്ഥന, വർജ്ജന, പുണ്യപ്രവൃത്തികൾ എന്നിവയാണല്ലോ നോമ്പിന്റെ ഘടകങ്ങളായി നാം ആചരിച്ചുവരുന്നത്. നോമ്പ് അനുഷ്ടാനങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കാതെ ഒരു അനുഭവമായി മാറുന്നതിന് പ്രത്യേകം ശ്രദ്ധ വയ്ക്കാം. അതിനായി ആദിമ ക്രൈസ്തവരെപ്പോലെ പങ്കുവയ്ക്കുന്ന ഒരു സമൂഹമായി കേരളസഭ ഇന്നു മാറേണ്ടിയിരിക്കുന്നു. "നിങ്ങൾ ഈ ചെറിയവരിൽ ഒരുവനു ചെയ്തപ്പോൾ അതെല്ലാം എനിക്കു തന്നെയാണ് ചെയ്തത്" എന്ന കർത്തൃവാക്യം ഇവിടെ അന്വർത്ഥമാണ്. നാം തന്നെയാണ് നമ്മുടെ സഹോദരന്റെ കാവല്ക്കാരൻ ആകേണ്ടത്. പ്രവൃത്തി കൂടാതെയുള്ള വിശ്വാസംപോലെ, ദാനധർമ്മങ്ങൾ കൂടാതെയുള്ള നോമ്പാചരണവും നിർജ്ജീവമാണെന്നാണല്ലോ സഭാപിതാക്കന്മാർ നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ നമ്മുടെ സാന്ത്വനവും ശുശ്രൂഷയും പരിചരണവും ആർക്കെല്ലാം ആവശ്യമായിരിക്കുന്നുവോ അവർക്കെല്ലാം നമ്മുടെ സ്നേഹസാന്ത്വനങ്ങൾ പകർന്നുനല്കുവാനും നമ്മളാൽ കഴിയുന്ന സാമ്പത്തിക സഹായം ലഭ്യമാക്കുവാനും ഈ നോമ്പുകാലം നമുക്കു പരിശ്രമിക്കാം. വിശുദ്ധ മദർ തെരേസ പാവങ്ങളിൽ യേശുവിനെ കണ്ട് ശുശ്രൂഷിച്ചതുപോലെ് ഇന്നത്തെ സമൂഹത്തിൽ



Rough.pmd 10 3/20/2019, 1:50 PM

ദൈവസാന്നിധ്യമായി അവതരിക്കുവാൻ ഈ നോമ്പ് നമ്മോടാഹ്വാനം ചെയ്യുന്നു. കർത്താവിന്റെ കാരുണ്യമായി കേരള സഭയെ മാറ്റിയെടുക്കുവാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം. കർത്താവിന്റെ കരുണയുടെ മുഖമാകുന്നതിലൂടെ മാത്രമേ സഭ അഭിമുഖീകരിക്കുന്ന എല്ലാ പ്രതിസന്ധികളേയും പ്രശ്നങ്ങളേയും അതിജീവിക്കുവാൻ നമുക്കു സാധിക്കുകയുള്ളു.

നിന്നെപ്പോലെ നിന്റെ അയല്ക്കാരനേയും സ്നേഹിക്കുക എന്നുള്ള കർത്തൃവാക്യം നമ്മിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതിന് ഒരു മനസ്സോടെ നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

നോമ്പുകാലത്ത് Lenten Campaign എന്ന പേരിൽ ഭാരതമാകെ ഭാരതകത്തോലിക്കാ മെത്രാൻ സംഘത്തിന്റെ സമൂഹ്യസേവന വിഭാഗമായ കാരിത്താസ് ഇൻഡ്യ വിഭവസമാഹരണം നടത്തുന്ന പതിവുണ്ടല്ലോ. ഈ വർഷം വിപുലമായ രീതിയിൽ ഇതു നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി ഓരോ രൂപതയും സന്ന്യാസ സമൂഹങ്ങളും സഭാസ്ഥാപനങ്ങളും അതതു രൂപതാസാമൂഹ്യ വികസന പ്രസ്ഥാനങ്ങളോടുചേർന്ന് ധനസമാഹരണവും വിഭവ സമാഹരണവും നടത്തുന്നതിന് സവിശേഷമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ക്രമീകരിക്കേണ്ടതാണ്. കാരിത്താസ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ഇപ്രകാരം സമാഹരിക്കുന്ന തുകയുടെ പകുതി കാരിത്താസ് ഇൻഡ്യയിലേക്ക് അയച്ചുകൊടുക്കേണ്ടതും ബാക്കി പകുതി രൂപതകളുടെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്.

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയക്കെടുതികളിലൂടെ ആണല്ലോ കേരള ജനത കടന്നുപോയത്. ഈ അവസരത്തിൽ കാരിത്താസ് ഇൻഡ്യയോടു ചേർന്ന് ഭാരതസഭയും സന്ന്യാസ സമൂഹങ്ങളും നാനാ ജാതി മതസ്ഥരായ സുമനസ്സുകളും നമ്മുടെ അതിജീവനത്തിനായി ചെറുതും വലുതുമായ സം ഭാവനകൾ നല്കി നമ്മെ സഹായിക്കുകയുണ്ടായി. ഇതിന് ഒരു പ്രതിനന്ദി എന്നവണ്ണം നമ്മളാൽ ആകുംവിധം ഭാരതത്തിലെ പാവങ്ങളെ സഹായിക്കുവാൻ ഈ നോമ്പുകാലവും നോമ്പാചരണവും നമ്മെ സഹായിക്കട്ടെ. ഏല്ലാവ



Rough.pmd 11 3/20/2019, 1:50 PM

രുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

എന്ന്

**ആർച്ചു ബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ.
ജെപിഡി കമ്മീഷൻ, കെസിബിസി

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, ജെപിഡി
കമ്മീഷൻകെസിബിസി

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വെസ് ചെയർമാൻ,
ജെപിഡി കമ്മീഷൻകെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

**NB: 2019 മാർച്ച് 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## റിട്രീറ്റ്

**രൂപതാ കരിസ്മാറ്റിക്ക് മൂവ്മെന്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ 12, 13, 14 തിയ്യതികളിലായി സാന്തോം സ്നേഹതീരത്തുവെച്ച് ധ്യാനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വികാരിയച്ചന്മാരുടെ പക്കൽ പേരുകൾ രജിസ്ടർ ചെയ്യണം. രജിസ്ട്രേഷൻ ഫീസ്. 600/- രൂപ.**

റവ. ഫാ. ജാജു എളങ്കുന്നപ്പുഴ
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്



Rough.pmd 12 3/20/2019, 1:50 PM

# FIAT CONVENTION 2019

## INCOME OF FIAT 2019

| PARISHES & MEMBERS | INCOME |
|---|---|
| AMBATHUR | 33000 |
| ANNA NAGAR | 12000 |
| ATHIPET | 49000 |
| AVADI I A F | 24500 |
| AVADI PATTABIRAM | 10000 |
| AYANAVARAM | 150700 |
| EGMORE | 2000 |
| GUMMIDIPOONDI | 10000 |
| KEELKATTALAI | 50000 |
| KODAMBAKKAM | 21800 |
| KOILPADAGAI | 24000 |
| MUGAPPAIR | 152000 |
| MYLAPORE | 29500 |
| NEELANKARAI | 1000 |
| NOOTHENCHERRY | 60000 |
| OTTERY | 500 |
| PERAMBUR | 227000 |
| POONAMALLEE | 20000 |
| POZHICHELLOOR | 22500 |
| ST.THOMAS MOUNT | 28000 |
| THIRUVOTTIUR | 3000 |
| VALSARAVAKKAM | 54500 |
| VELACHERY | 1000 |
| **INSTITUTIONS** | |
| Athipet Convent | 10000 |
| Keelkattalai | 9850 |
| kerala jewellers | 50000 |
| Original Kerala Jewellery | 25000 |
| Don Bosco School, M K B NAGAR | 30000 |



Rough.pmd 13 3/20/2019, 1:50 PM

| | | |
|---|---|---|
| **Persons** | | |
| Binnijoe Kilpauk | | 10000 |
| Bijoy Abu Dabi | | 135000 |
| Total | | **1255850** |
| | **STHOTHRAKKAZHCHA** | |
| 8/2/19 | | 65564 |
| 9/2/2019 | | 172275 |
| 10/2/2019 | | 1294246 |
| **GRAND TOTAL** | | **2787935** |

## EXPENSE ACCOUNT

| ITEM | BREAK UP | EXPENSE |
|---|---|---|
| Panthal | | 418000 |
| Sound | | 252200 |
| chairs, etc | | 70000 |
| Food - Canteen | 5605 | |
| Planton | 29700 | |
| Bread | 32000 | |
| water can | 4800 | |
| Tea & snacks | 800 | |
| Food for Team | 12000 | |
| cup, gas, etc | 10710 | 95615 |
| Gift to Preacher | | 100000 |
| Tickets to Retreat Team & TA | | 24176 |
| Banners, Brocheures, Notices, etc | | 58000 |
| Liturgy | | 2160 |
| Cleaning and Tips | | 5650 |
| Fire & Safty | 16470 | |
| Food for fire team | 3305 | |
| Nylon rope | 668 | |
| tips for police and fire | 5000 | 25443 |
| flowers | | 9850 |
| stationary cups, coats, | | 4601 |
| Decortion stage | | 20200 |



Rough.pmd 14 3/20/2019, 1:50 PM

| | |
|---|---|
| Diesel | 27737 |
| Food for Evaluation | 2000 |
| Videography | 15000 |
| college ground | 60000 |
| Contribution given to St. James Minor Seminary | 1000000 |
| Contribution given to Santhome Snehatheeram | 150000 |
| Contribution given to Social Activites of the Diocese | 250000 |
| **TOTAL** | **2590632** |
| Total Income | **2787935** |
| Balance in S/b account | **197303** |

## വാർഷിക തെരട്ട് (Annual Auditing)

*ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

1. നിശ്ചിതസമയത്ത് തന്നെ രൂപതാകാര്യാലയത്തിൽ തെരട്ട് കൊണ്ടു വരേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിലെ Audited balance sheet തെരട്ടിനൊപ്പം കൊണ്ടുവരണം.

2. രൂപതാഭവനത്തിൽ നിന്നും ലഭിക്കുന്ന തെരട്ട് ഫോറം പാസാക്കി രണ്ടു കോപ്പി പൂരിപ്പിച്ച് കച്ചേരിയിൽ സമർപ്പിക്കുകയും തെരട്ട് പാസാക്കിയതിനു ശേഷം ഒരു കോപ്പി പള്ളിയുടെ ഫയലിൽ സൂക്ഷിക്കുകയും വേണം.

3. വേണ്ട തരത്തിൽ പൂരിപ്പിക്കാതെയോ ബന്ധപ്പെട്ടവർ സീൽ വയ്ക്കാതെയോ ഒപ്പിടാതെയോ ഉള്ള തെരട്ട് ഫോറം അംഗീകരിക്കുന്നതല്ല.

4. പുതിയ കൈക്കാരന്മാരുടെ പേരുകൾ തെരട്ട് ഫോറത്തിൽ ചേർത്തിരിക്കണം. വാർഷികതെരട്ട് പാസ്സാക്കിയതിന് ശേഷമായിരിക്കും കൈക്കാരന്മാരുടെ മാറ്റം നടത്തുക.

5. രൂപത ഏല്പിച്ചിരിക്കുന്ന ഓഡിറ്റേഴ്സിന്റെ അടുത്ത് തന്നെ ഓഡിറ്റ് ചെയ്യുന്നതാണ് അഭിലഷിണീയം. പുറത്ത് ഓഡിറ്റ് ചെയ്യിക്കുന്നവർ ഏപ്രിൽ 30 നു മുൻപ് രൂപതാ ഫൈനാൻസ് ഓഫീസിൽ അറിയിക്കണം. അപ്രകാരം ചെയ്യുന്നവർ ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ രണ്ടു കോപ്പികൾ രൂപതാകച്ചേരിയിൽ കൊണ്ട് വന്ന്, ഒരു കോപ്പി രൂപതാകച്ചേരി സീൽ വച്ച് തിരികെ കൊണ്ടുപോകേണ്ടതാണ്.



Rough.pmd 15 3/20/2019, 1:50 PM

ഓഡിറ്റിങ്ങിന് കൊണ്ടുവരേണ്ട രേഖകൾ

1. Account Books of Daily Account and Construction/ Development Account if any (Cash Book, Bank Book, Ledger Book, Etc.).
2. Receipt Books and Bills and Vouchers of All Accounts
3. Bank Pass Book/Statements
4. CA Audited Statement of 2017-2018
5. Internal audit Statements of 2018-2019
6. Trust Deed, Pan Card, 12A Registration originals after taking a xerox copy for the church use. Those who are not entrusted please bring it as they are to be kept in the bishop's office.
7. Two Cheque leaves
8. Therattu form filled in duplicate
9. Accounts of the Associations and organizations
10. Fixed Deposit Receipts

രൂപതയിലെ സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തി കണക്കിന്റെ ബാലൻസ്ഷീറ്റും വാർഷികറിപ്പോർട്ടും കൂരിയയിൽ സമർപ്പിക്കേണ്ടതാണ്.

## AUDIT TIMING - 2019

| Date | Day | 9.30 AM | 11.30 AM | 1.30 PM | 3.00 PM |
|---|---|---|---|---|---|
| 20-5-19 | Monday | Valsaravakkam | Ottery | I A F Avadi | Ayanavaram |
| 21-5-19 | Tuesday | Thiruvottiyur | Ambattur | Noothenchery | Mugappair |
| 22-5-19 | Wednesday | Athipet | Keelkattalai | Kodambakkam | St. Thomas Mount |
| 23-5-19 | Thursday | Avadi-Pattabiram | Pozhichallur | Neelankarai | Eranavoor |
| 24-5-19 | Friday | Kovilpathagai | Santhome | Bishop's House | Perambur |
| 25-5-19 | Saturday | Poonamalee | Velachery | Bishop's House | Bishop's House |

മോൺ. വർഗീസ് പെരേപ്പാടൻ
ഫിനാൻസ് ഓഫീസർ



Rough.pmd 16 3/20/2019, 1:50 PM

# THE DECREE OF PROMULGATION OF THE RULES AND REGULATIONS FOR PARISH, FORANE AND EPARCHIAL ADMINISTRATION IN THE EPARCHY OF HOSUR.

The Eparchy of Hosur was erected on October 9th by Pope Francis through the decree *'Corporis mystici unitas'*, and was inaugurated on 22nd November of 2017. CCEO (Codex Canonum Ecclesiarum Orientalium) gives provision for Eparchial Statutes for the growth and unity of an Eparchy. Our Eparchy, in this beginning stage, needs a clear direction and orientation for stronger and better Pastoral Care and administration. In accordance with CCEO and Particular law of the Syro-Malabar Church, for the administration in the Parish, Forane and Eparchial level some guidelines are formed. It will be a guideline for Pratinidhiyogam, Kudumba- koottayma, Pious Assosciations and Organizations, Forane Council and Pastoral Council.
I wish that these Rules and Regulations give unity in action, uniformity in practices and guidance for Pastoral care. Invoking the blessings of God Almighty on all of us, I am very happy to promulgate these Rules and Regulations. Hereby I decree and order that these Rules and Regulations are to be followed effectively in the Eparchy of Hosur with effect from 1 March 2019 *ad experimentum*.

## 1. PARISH LEVEL

**1.1 Executive Body**

Parish Priest and Trustees form the executive body of the Parish.

**1.2 Administrative Body :** Administrative Body is Pratinidhiyogam of the Parish. But every year at least once, Potuyogam has to be held as per its norms.

**1.2.1. Pratinidhiyogam :** Pratinidhiyogam is a representative body of a Parish and its total number can be finalized by the parish itself, but the number should not exceed 40 and not less than 15. Parishes having families up to 150 the number should not exceed 30, and Parishes having familes above 150 the number should not exceed 40. If any Parish wants to have exception for the number, they should get special permission from the Eparchial Curia. The term of the Pratinidhiyogam is three years.



Rough.pmd 17 3/20/2019, 1:50 PM

Pratinidhiyogam need to elect a secretary and he has no executive power. It is his duty to maintain the reports of the Pratinidhiyogam, Potuyogam and Trust meetings.

**<u>1.2.2.1 Election to the Pratinidhiyogam</u>**

**1.2.2.1.1 Ex-Officio Members:** Parish Priest, Asst. Parish Priest, Trustees, Elected Pastoral Council and Forane Council members from the parish, all Eparchial, State, National and International Level officials of Ecclesiastical Associations and Organizations, Convent & Ashram Superiors, Catechism HM, Presidents of Pithruvedi, Mathrujyothis, SMYM, Kudumba Koottayma Central Committee and Social Action Committee are the ex-officio members.

**1.2.2.1.2 Elected Members:** From every Kudumbakoottayma maximum three members (one male, one female, one youth) and minimum one-member need to be elected.

At least 25% of the total number must be female and 10% must be youth below 35 years old.

**1.2.2.1.3 Nominated Members:**

Bishop can Nominate 1/4 of the total number of the Elected Pratinidhiyogam members in Consultation with Parish Priest.

**1.3. Potuyogam** as per the Particular Laws of the Syro Malabar Church, Potuyogam has to be convened once in a year.

**1.4. Kudumbakoottayma**

**1.4.1 Kudumbakoottayma Executive Committee** must not be less than five members. They can be either male or female. They are President, Vice President, Secretary, joint secretary, treasurer, and ward animators.

**1.4.2 Kudumbakoottayma Kendra Samithi Executive:**

Kudumbakoottayma executive officials, except ward animators form the general body of Kudumbakoottayma Kendra Samithi. This general body elect nine executive committee members - President, Vice President, Secretary, Joint secretary, Treasurer, and four committee members two men and two women.



Rough.pmd 18 3/20/2019, 1:50 PM

**1.5 Association Executives (Pithruvedhi, Mathrujyothis, SMYM)**

All the Official Associations of the parish have to elect an executive committee that consists of 7 members. They are President, Vice President, Secretary, joint secretary, treasurer, and two committee members.

**1.6 Social Action**

The General Body of Social Action consists of Kudumbakoottayma Kendra Samithi executive committee, all the Presidents of Kudumbakoottaymas and Executive Committee of Associations. From this, Social Action Executive Committee need to be elected. The Social Action Executives are President, Vice-President, Secretary, Joint Secretary, Treasurer and two Committee members.

**1.7 Trustees**

The term of Trustees is one year.

A person can be a trustee only for two terms Consecutively.

The number of trustees in a Parish is minimum 2 and maximum 3.

The minimum age of the trustee is 21

The trustees are to be elected by the Pratinidhiyogam either from or outside of Pratinidhiyogam.

**1.8 Ward**

A ward is a group of families not more than 15 in a closer location. For this, the kudumbakoottayma can be divided into two or more wards as per the number of families. There should be a ward animator and he/she is a Committee member of Kudumbakoottayma.

## 2. FORANE LEVEL

**2.1 Forane Council**

Every Forane has to have a Forane council. They have to elect a secretary and he/she must be pastoral a council member. It is his/her duty to present the Forane council's reports in the pastoral council.

**2.1.1 Members of Forane Council**

**2.1.2 Ex-Officio members:** All Eparchial priests, Ashram and Convent superiors, Catechism HM, Kudumbakoottayma Kendra Samithi presidents of parishes and all the Pastoral Council

members, both elected and nominated, are Ex-Officio members of the Forane Council.

**2.1.3 Elected Members:** Every parish has to elect three members, including the pastoral council members, by the Pratinidhiyogam either from inside or outside itself. one male, one female and one youth. Parishes above 150 families can elect 4 members and parishes above 300 families can elect 5 members.

**2.1.4 Nominated:** Forane Vicar can nominate one member each from every parish to this council if needed.

## 3. EPARCHIAL LEVEL

### 3.1 Pastoral Council

**3.1.1 Ex-Officio Members:** All priests of the Eparchy, Finance Council members, Presidents of all Associations and Organizations, Kudumba koottayma and Social Action Executive Committees in the Eparchial Level.

All Religious Congregation Provincials, Regional superiors, or Mission Superiors if their offices are inside the Eparchial territory. For every three religious houses of the same Congregation one superior each. If their number of houses in the Eparchy is less than three, then one superior only.

For every three religious Institutions of the same Congregation one representation each. If their number of institutions is less than three, then one representation only.

All Regional, State, National and International Executive committee members of Ecclesiastical Associations or organizations.

**3.1.2. Elected Members:** Parishes below 150 families can elect two persons – one male and one female to the Pastoral Council. Parishes in between 150-300 families need to elect 3 Members, one male, one female and one youth (below 35years of age). Parishes above 300 families can elect 4 members – two males and two females – members to the pastoral council. One member must be a youth below 35 years of age.



Rough.pmd 20 3/20/2019, 1:50 PM

From every Forane one catechism HM representative and one Kudumbakoottayma Kendra Samithi representative need to be elected for the Pastoral Council.

**3.1.3 Nomination:** Bishop can nominate 15% of the total number to the Pastoral council.

## QUALIFICATIONS TO BECOME A MEMBER IN THE ADMINISTRATIVE BODY

1. **They must be a Parish Member**
2. **The following persons shall not be entitled to become a member of any of the following administrative bodies.**
   - Those who stand publically against the faith and teachings of the Church.
   - Those who are under ecclesiastical censure.
   - Public sinners.
   - Persons convicted of offences involving moral turpitude until reform and certified by the parish priest.
   - Persons who have defaulted annual paschal duties.
   - Persons who are of unsound mind.
   - Willful defaulters of Church laws.

**Given Fom Eparchial Curia on 25th February 2019**

Fr. Feby Pulickan
Chancellor

**Mar Sebastian Pozholiparambil**
**Bishop of Hosur**

### ജീവിതമാർഗ്ഗദർശന ക്യാമ്പ്

എസ്. എസ്. എൽ. എസി. +2 പൂർത്തിയാക്കിയ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി 2019 മാർച്ച് 30 ശനിയാഴ്ച രാവിലെ 9. 30 മുതൽ 31 ാം തിയ്യതി ഞായറാഴ്ച വൈകുന്നേരം 4 മണി വരെ സാന്തോം സ്നേഹതീരത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാർച്ച് 20 നു മുമ്പ് പേരുകൾ രജിസ്ടർ ചെയ്യേണ്ടതാണ്.

**റവ. ഫാ. ലിജോ ചിറ്റിലപ്പിള്ളി**
വൊക്കേഷൻ പ്രൊമോട്ടർ



Rough.pmd 21 3/20/2019, 1:50 PM

## കച്ചേരികാര്യങ്ങൾ

### I. ഓർമിക്കേണ്ട ദിവസങ്ങൾ

മാർച്ച്

1 : മാസാദ്യവെള്ളി
2 : നോമ്പുകാലം ഒന്നാം ഞായർ
3 : ദനഹാക്കാലം അഞ്ചാം ഞായർ
പാതിരാമുതൽ അമ്പതുനോമ്പാരംഭം
4 : വിഭൂതി - ഉപവാസദിനം
10 : നോമ്പുകാലം രണ്ടാം ഞായർ
17 : നോമ്പുകാലം മൂന്നാം ഞായർ
19 : വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ
24 : നോമ്പുകാലം നാലാം ഞായർ
25 : പരിശുദ്ധ കന്യകാമറിയത്തിന്റെ മംഗളവാർത്താതിരുനാൾ
31 : നോമ്പുകാലം അഞ്ചാം ഞായർ

II Appointments :

1. The following Persons are appointed to the Safe Enviornment Committee of the Diocese.
   1. V. Rev. Dr. Anto Karippai
   2. Rev. Fr. Jeo Kaitharath
   3. Rev. Fr. Vineesh V. Vattoly
   4. Rev. Sr. Rincy CSC
   5. Mr. Jacob Chakkathara
   6. Mr. C.C Antony
   7. Mrs. adv. Annamma John

III. **വലിയ നോമ്പ്**

മാർച്ച് 3 ഞായർ പാതിരാ മുതൽ അമ്പതുനോമ്പ് ആരംഭിക്കുന്നു. നോമ്പ് ദിനങ്ങൾ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും അനുരഞ്ജനത്തിന്റെയും പങ്കുവെയ്ക്കലിന്റെയും പുണ്യദിനങ്ങളാക്കി മാറ്റുവാൻ എല്ലാവരും ശ്രദ്ധിക്കണം. 4 ാം തിയ്യതി വിഭൂതി തിങ്കളാഴ്ച മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷങ്ങൾക്ക് മുടക്ക്.

IV. **സെന്റ് തോമസ് മൗണ്ടിൽ കുരിശിന്റെ വഴി**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീയുടെ രക്തസാക്ഷിത്വം കൊണ്ട്



Rough.pmd 22 3/20/2019, 1:50 PM

പവിത്രമാക്കപ്പെട്ട സെന്റ് തോമസ് മൗണ്ടിലേക്ക് (പറങ്കിമല) അമ്പതുനോമ്പിൽ രൂപതാടിസ്ഥാനത്തിൽ നടത്തുന്ന കുരിശിന്റെ വഴി ഈ വർഷം 2019 ഏപ്രിൽ 13 ാം തിയ്യതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന് തോമസ് മൗണ്ടിന്റെ അടിവാരത്തിൽ നിന്നും ആരംഭിക്കും. 4 മണിക്ക് മലമുകളിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ പൊഴോലിപ്പറമ്പിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ രൂപതയിലെ എല്ലാ വൈദികരും ചേർന്ന് സമൂഹബലി അർപ്പിക്കും. തുടർന്ന് വിശുദ്ധ കുരിശിന്റെ ആശീർവ്വാദം ഉണ്ടായിരിക്കും. നമ്മുടെ ഇടവകകളിൽ നിന്നും എല്ലാവരെയും പങ്കെടുപ്പിക്കാൻ വികാരിയച്ചന്മാർ പ്രത്യേകം പരിശ്രമിക്കണമെന്നും ഓർമിപ്പിക്കുന്നു.

**V. ദു:ഖവെള്ളി പിരിവ്**

വിശുദ്ധ സ്ഥലങ്ങളുടെ സംരക്ഷണത്തിനായി ദു:ഖവെള്ളിയാഴ്ചയിലെ സ്തോത്രക്കാഴ്ച രൂപതാഫിനാൻസ് ഓഫീസിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**VI. വൈദികരുടെ മാസധ്യാനം**

മാർച്ച് മാസത്തിലെ വൈദികരുടെ മാസധ്യാനം അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് മാർച്ച് 6 ാം തിയ്യതി ബുധനാഴ്ച വൈകിട്ട് 6. 30 നു ആരംഭിക്കുന്നു.

**VII. സിസ്റ്റേഴ്സിന്റെ രൂപതാതല ധ്യാനം**

രൂപതയിലെ സിസ്റ്റേഴ്സിനായി മൂന്നുമാസത്തിലൊരിക്കൽ നടത്തുന്ന രൂപതാതല ധ്യാനം മാർച്ച് 9 ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണി മുതൽ അയനാവരം പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുന്നു.

മോൺ. ജോസ് മാളിയേക്കൽ
പ്രോട്ടോസിഞ്ചല്ലൂസ്

## തിരുനാളാശംസകൾ

മാർച്ച് 19 : മോൺ. ജോസ് മാളിയേക്കൽ
: റവ. ഫാ. ജോസ് പുല്ലൂപ്പറമ്പിൽ
: റവ. ഫാ. ഫെബി പുളിക്കൻ
: റവ. ഫാ. ജോയ് അറക്കൽ സി. എം. ഐ
: റവ. ജോസഫ് സാവിയോ പയ്യപ്പിള്ളി
: റവ. അലക്സ് കല്ലേലി

## ജന്മദിനാശംസകൾ

ഏപ്രിൽ 21 : മോൺ. വർഗീസ് പെരേപ്പാടൻ



Rough.pmd 23 3/20/2019, 1:50 PM

## ഇടയന്റെ ഇന്നലകൾ

ഫെബ്രുവരി 1-6: സാന്തോം-റോയ്പേട്ട ഇടവകകളിൽ ഭവനങ്ങൾ സന്ദർശിച്ചു.

ഫെബ്രുവരി 2 :വത്സരവാക്കം, സെന്റ് ലിറ്റിൽ ഫ്ളവർ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

:പൊഴിച്ചെല്ലൂർ, സെന്റ് അൽഫോൻസ ഇടവകദിനാഘോഷങ്ങളിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

ഫെബ്രുവരി 8-10: ഫിയാത്ത് രൂപതാ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും മൂന്നു ദിവസവും പങ്കെടുക്കുകയും അവസാന ദിവസം വി. ബലിയർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു.

ഫെബ്രുവരി 11-12: നൂത്തഞ്ചരി കത്തീഡ്രൽ ഇടവകയിൽ ഭവനങ്ങൾ സന്ദർശിച്ചു.

ഫെബ്രുവരി14-17: വെല്ലൂർ, സെന്റ് തോമസ് ഇടവകയിൽ ഭവനങ്ങൾ സന്ദർശിച്ചു.

ഫെബ്രുവരി 18-22 : നൂത്തഞ്ചരി കത്തീഡ്രൽ ഇടവകയിൽ ഭവനങ്ങൾ സന്ദർശിച്ചു.

ഫെബ്രുവരി 24-28: ജയനഗർ-ഗൊരിമേട് ഇടവകകളിൽ ഭവനങ്ങൾ സന്ദർശിക്കുകയും ഗൊരിമേട് ഇടവകയിൽ പാസ്റ്ററൽ വിസിറ്റ് നടത്തുകയും ചെയ്തു.

## ഇടയന്റെ നാളകൾ

മാർച്ച് 1-3 : പോണ്ടിച്ചേരി ജയനഗർ ഇടവകയിൽ ഭവനസന്ദർശനം

മാർച്ച് 4-6 : കീഴ്ക്കട്ടലൈ സേക്രഡ് ഹാർട്ട് ഇടവകയിൽ ഭവനസന്ദർശനം

മാർച്ച് 7-10 : കീഴ്ക്കട്ടലൈ സേക്രഡ് ഹാർട്ട് ഇടവകയിൽ ഭവനസന്ദർശനം

മാർച്ച് 11-14 ; ബിഷപ്പ്സ് മീറ്റിംങ്, സുൽത്താൻപെട്ട്

മാർച്ച് 15 : വേളാച്ചേരി മദർതെരേസ ഇടവകയിൽ ഭവനസന്ദർശനം

മാർച്ച് 17 : വേളാച്ചേരി മദർതെരേസ ഇടവകയിൽ പാസ്റ്ററൽ വിസിറ്റ്

മാർച്ച് 20 : പ്രസ്ബിത്തേരിയം, ഫിനാൻസ് കൗൺസിൽ

മാർച്ച് 23-24 : നൂത്തഞ്ചേരി കത്തീഡ്രൽ ഇടവകയിൽ ഭവനസന്ദർശനം

മാർച്ച് 30 : സാന്തോം സ്നേഹതീരം



Rough.pmd 24 3/20/2019, 1:50 PM